## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2198
## 26.03.2013-ലെ മറുപടിക്ക്

## ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | തീരുമാനിച്ചിട്ടുണ്ട്. ട്രഷറി സേവിംഗ്സ് ബാങ്ക് കോർ ബാങ്കിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനാവശ്യമായ സോഫ്റ്റ്വെയറിന്റെ നിർമ്മാണം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ ചുമതലയിൽ നടന്നു വരുന്നു. |
| ബി) | ഇതിനാവശ്യമായ നെറ്റ്വർക്ക് സംവിധാനം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | കോർ ബാങ്കിംഗിനാവശ്യമായ നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ട്രഷറികളിൽ എ.ടി.എം സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സെക്രട്ടറിയേറ്റ് സബ് ട്രഷറിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പെൻഷൻ പേമെന്റ് സബ് ട്രഷറികളിലും എ.ടി.എം സ്ഥാപിക്കുന്നതിന് 14.12.2012 തീയതിയിലെ സ.ഉ (സാധാ) നം: 10460/12/ധന ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ